# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3913** **21.06.2019 ൽ മറുപടിയ്ക്ക്**

## സൗരോർജ്ജ പാർക്കുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. രാജഗോപാലൻ** | **ശ്രീ. എം. എം. മണി (വൈദ്യുതി വകുപ്പ് മന്ത്രി)** |
| (എ) കാസർഗോഡ് ജില്ലയിൽ സ്ഥാപിച്ച സൗരോർജ്ജ പാർക്കുകളിൽ നിന്നും വൈദ്യുതി ഉൽപ്പാദനം ആരംഭിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. കേന്ദ്ര സർക്കാരിന്റെ സോളാർ പാർക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിൽ സർക്കാർ അധീനതയിലുള്ള ഭൂമിയിൽ 200MW ശേഷിയുള്ള സൗരോർജ്ജ പദ്ധതി സ്ഥാപിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഹോസ്ദുർഗ് താലൂക്കിലെ അമ്പലത്തറ വില്ലേജിൽ ലഭ്യമായ 250 ഏക്കർ സ്ഥലത്ത് 50MW ശേഷിയുള്ള സൗരോർജ്ജനിലയം സ്ഥാപിച്ചു. അതിൽ നിന്നും 14.09.2017 മുതൽ വൈദ്യുതി ഉത്പാദിപ്പിച്ചു വരുന്നു. കൂടാതെ, ഇവിടെ നിന്നും 5MW ശേഷിയുള്ള ഒരു സൗരോർജ്ജ നിലയം കൂടി സ്ഥാപിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>കൂടാതെ മഞ്ചേശ്വരം താലൂക്കിലെ പൈവളിഗയിൽ 250 ഏക്കർ ഭൂമി പുതുതായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് 50MW ശേഷിയുള്ള സൗരോർജ്ജ നിലയം സ്ഥാപിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പൂർത്തിയായി. അനുയോജ്യമായ ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് ശേഷിക്കുന്ന 100MW ശേഷിയുള്ള പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) ഇതിനായി എത്ര കോടി രൂപയാണ് മുടക്കിയിട്ടുള്ളത്? | (ബി) അതാത് പദ്ധതികളുടെ പദ്ധതി ചെലവ് വഹിക്കുന്നത് Developers ആണ്. അതിൽ ഉത്പാദിപ്പിക്കുന്ന മുഴുവൻ വൈദ്യുതിയും കരാർ പ്രകാരം KSERC നിശ്ചയിക്കുന്ന നിരക്കിൽ കെ.എസ്.ഇ.ബി ലിമിറ്റഡ് വാങ്ങുന്നു. പണി പൂർത്തിയായി പ്രവർത്തിച്ചു വരുന്ന അമ്പലത്തറ 50MW സോളാർ പാർക്കിന് KSERC അംഗീകരിച്ചതുപ്രകാരം **282.78** കോടി രൂപയാണ്. ശേഷിക്കുന്ന പദ്ധതികളുടെ ചിലവ് കരാർ നൽകി പണി പൂർത്തിയാക്കിയതിനു ശേഷം മാത്രമേ കണക്കാക്കുവാൻ കഴിയുകയുള്ളൂ. |
| (സി) പ്രസ്തുത പദ്ധതി എപ്പോൾ കമ്മീഷൻ ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കാമോ? | (സി) 50 MW ശേഷിയുള്ള പൈവളിഗെ സോളാർ പ്ലാന്റിനെയും 5MW ശേഷിയുള്ള അമ്പലത്തറ സോളാർ പ്ലാന്റിനെയും പ്രവർത്തനം പൂർത്തിയാക്കി 2020 ഓടെ കമ്മീഷൻ ചെയ്യാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. |

**സെക്ഷൻ ഓഫീസർ**